കേരള സർക്കാർ

<u>സംഗ്രഹം</u>

സാങ്കേതിക വിദ്യാഭ്യാസം – അധികാര വികേന്ദ്രീകരണം – കേരള പഞ്ചായത്ത് രാജ് ആക്ട്, കേരള മുനിസിപ്പാലിറ്റി ആക്ട് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ നിന്നും ജില്ലാ പഞ്ചായത്തുകൾക്ക് കൈമാറ്റം ചെയ്ത സ്ഥാപനങ്ങളും അധികാരങ്ങളും പദ്ധതി കളും സംബന്ധിച്ച് പൊതു മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ജി.ഒ (എം.എസ്) നമ്പർ 210/96/ഉ.വി.വ തിരുവനന്തപുരം, തീ. :28/12/1996

---

പരാമർശം: 1. തദ്ദേശഭരണ വകുപ്പിന്റെ 18.9.95–ലെ ജി.ഒ. (പി) നമ്പർ189/95/ത.ഭ.വ ഉത്തരവ്

2. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ 29.9.95–ലെ ഇ.ബി1/40698/96/ഡി.റ്റി.ഇ. നമ്പർ ഉത്തരവ്.

3. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ 23.7.96–ലെ ഫിൻ എ1/37721/95/ഡി.റ്റി.ഇ. നമ്പർ കത്ത്.

<u>ഉത്തരവ്</u>

അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി സർക്കാരിന്റെ ചുമതലകളും, സ്ഥാപനങ്ങളും, പദ്ധതികളും പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യണമെന്ന പരാമർശം ഒന്നിലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ നിന്നും 17 സർക്കാർ കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടുകളും, 42 ടൈലറിംഗ് ഗാർമെന്റ്സ് മേക്കിംഗ് ട്രെയിനിംഗ് സെന്ററുകളും(ടി.ജി.എം.ടി.സി) പരാമർശം രണ്ടിലെ ഉത്തരവ് പ്രകാരം അതാത് ജില്ലാ പഞ്ചായത്തുകൾക്ക് കൈമാറ്റം ചെയ്തിട്ടുണ്ട്. കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളും, പദ്ധതികളും അധികാരങ്ങളും, ജില്ലാ പഞ്ചായത്തുകൾക്ക് ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിന്, അനുബന്ധമായി ചേർത്തിട്ടുള്ള പൊതു മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം

എൻ ചന്ദ്രശേഖരൻ നായർ
പ്രിൻസിപ്പൽ സെക്രട്ടറി

അനുബന്ധം

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ നിന്നും ജി.ഒ. (പി) നമ്പർ 189/95/ത.ഭ.വ തീയതി: 18.9.1995 ഉത്തരവ് പ്രകാരം ജില്ലാ പഞ്ചായത്തുകൾക്ക് കൈമാറിയ ഗവൺമെന്റ് കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടുകൾ, ടെയിലറിംഗ് & ഗാർമെന്റ് മേക്കിംഗ് ട്രെയിനിംഗ് സെന്ററുകൾ എന്നിവയുടെ നിയന്ത്രണം സംബന്ധിച്ച പൊതു മാർഗ്ഗ നിർദ്ദേശങ്ങൾ:-

1. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ നിന്നും 17 ഗവൺമെന്റ് കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടുകളും 42 ടെയിലറിംഗ് & ഗാർമെന്റ് മേക്കിംഗ് (ടി.ജി.എം.ടി.) സെന്ററുകളും ജില്ലാ പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ട്. ഗവൺമെന്റ് കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടുകളിൽ, ഷോർട്ട് ഹാന്റ് & ടൈപ്പ് റൈറ്റിംഗിൽ ദ്വിവത്സര ഡിപ്ലോമാ കോഴ്സും ടി.ജി.എം.ടി സെന്ററുകളിൽ ടൈലറിംഗ്, എംബ്രോയിഡറി & നീഡിൽ വർക്കിൽ ദ്വിവത്സര സർട്ടിഫിക്കേറ്റ് കോഴ്സും നടത്തി വരുന്നു. പ്രസ്തുത കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം സംബന്ധിച്ച് ഇപ്പോൾ നിലവിലുള്ള രീതി തുടരുന്നതാണ്. പൊതുവായ ഒരു സമയബന്ധിത പരിപാടി അനുസരിച്ച് എല്ലാ സ്ഥാപനങ്ങളിലും അദ്ധ്യയന വർഷാരംഭത്തിൽ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകാൻ വേണ്ട നടപടികൾ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ നിന്നും സ്വീകരിക്കുന്നതാണ്.

2. മുൻ ഖണ്ഡികയിൽ പറഞ്ഞിരിക്കുന്ന കോഴ്സുകളുടെ പരീക്ഷ, അദ്ധ്യയന വർഷാവസാനത്തിൽ നടത്തുന്നതും സർട്ടിഫിക്കറ്റുകൾ നൽകുന്നതും നിലവിലുള്ള രീതി അനുസരിച്ച് സാങ്കേതിക പരീക്ഷാ കൺട്രോളർ തന്നെ ആയിരിക്കും.

3. ആകസ്മിക അവധി ഒഴിച്ചുള്ള എല്ലാ തരത്തിലുമുള്ള അവധി, പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ നിയമനം, പ്രമോഷൻ/സ്ഥലംമാറ്റം, തുടങ്ങിയ സർവ്വീസ് സംബന്ധിച്ചുള്ള എല്ലാ സംഗതികളിലും സാങ്കേതിക വിദ്യാഭ്യാസ വകുപ്പു ഡയറക്ടറുടെ നിയന്ത്രണത്തിലായിരിക്കും.

4. ജീവനക്കാരുടെ ശമ്പളം, യാത്രാബത്ത, സ്ഥലം മാറ്റ ബത്ത, മെഡിക്കൽ റീ- ഇംപേഴ്സ്മെന്റ് തുടങ്ങിയ എല്ലാ സർവ്വീസ് സംബന്ധമായ സാമ്പത്തികാനുകൂല്യങ്ങൾക്കും വേണ്ടി വരുന്ന ഫണ്ട്, സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽതന്നെ നിലനിറുത്തുന്നതാണ്.

5. ആഫീസ് ചെലവുകൾക്കും, വാടക, കരം, നികുതി വൈദ്യുതി ചാർജ്ജ് മുതലായവ നൽകുന്നതിനും യന്ത്രോപകരണങ്ങളും സാധനസാമഗ്രികളും വാങ്ങുന്നതിനും മറ്റുമായി ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുള്ള തുക ജില്ലാ പഞ്ചായത്തുകൾക്ക് കൈമാറ്റം ചെയ്യുന്നതാണ്.

6. ബന്ധപ്പെട്ട ഗവൺമെന്റ് കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സൂപ്രണ്ടിന്റെയോ, ടി.ജി.എം.ടി സെന്ററിന്റെ കൺട്രോളിംഗ് ആഫീസറുടെയോ പ്രൊപ്പോസലുകൾക്ക്, അതിൽ ഉന്നയിച്ചിരിക്കുന്ന

ആവശ്യത്തിന്റെ നിജസ്ഥിതി പരിശോധിച്ചശേഷം ഭരണാനുമതി നൽകുന്നതിനും, ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന തുക വിനിയോഗം ചെയ്യുന്നതിനുമുള്ള അധികാരം ജില്ലാ പഞ്ചായത്തുകൾക്കായിരിക്കും.

7. ഇപ്പോൾ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വാടക നൽകാനുള്ള അനുമതി, നിലവിലുള്ള ചട്ടങ്ങൾക്ക് വിധേയമായി പൊതുമരാമത്തു വകുപ്പിൽ നിന്നും ഉള്ള റെന്റ് സർട്ടിഫിക്കറ്റിന്റേയും നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിന്റേയും അടിസ്ഥാനത്തിൽ, ജില്ലാ പഞ്ചായത്തുകൾക്ക് തന്നെ നൽകാവുന്നതാണ്. കൂടാതെ സ്ഥാപനങ്ങൾക്കുവേണ്ടി പുതിയ കെട്ടിടം വാടകയ്ക്ക് എടുക്കേണ്ടി വരുകയാണെങ്കിൽ അതിനായി മുൻകൂർ അനുമതി, ജില്ലാ പഞ്ചായത്തുകളിൽ നിന്നും വാങ്ങേണ്ടതാണ്.

8. പ്രസ്തുത സ്ഥാപനങ്ങളിലെ അദ്ധ്യായനപരമായ എല്ലാ പ്രവർത്തനങ്ങളും സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിലായിരിക്കുന്നതാണ്. എന്നാൽ ഇതിനു വിധേയമായി സ്ഥാപനത്തിലെ ഭരണപരമായ കാര്യങ്ങൾക്കു കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സൂപ്രണ്ടുമാരും ടി.ജി.എം.ടി സെന്ററിന്റെ കൺട്രോളിംഗ് ആഫീസർമാരും അതാത് ജില്ലാ പഞ്ചായത്തുകളുമായി നേരിട്ട് ബന്ധപ്പെടേണ്ടതും പ്രവർത്തനങ്ങൾക്കാവശ്യമായ ഭരണാനുമതി ബന്ധപ്പെട്ട ജില്ലാ പഞ്ചായത്തുകളിൽ നിന്നും വാങ്ങേണ്ടതുമാണ്.

9. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ കോതമംഗലത്തും, കോഴിക്കോടും ഓരോ ജോയിന്റ് ഡയറക്ടറുടെ മേൽ നോട്ടത്തിൽ മേഖലാ ആഫീസ് പ്രവർത്തിച്ചു വരുന്നു. മേഖല ആഫീസുകളുടെ അധികാര പരിധി